I/105985/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/2279/2023-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 17-07-2023

E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- - വനിത ശിശു വികസന വകുപ്പ് - **'സഹായഹസ്തം'** – സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായ പദ്ധതി – 2023-24 വർഷത്തേയ്ക്ക് അപേക്ഷകൾ ഓൺലൈൻ വെബ്സൈറ്റ് വഴി ക്ഷണിക്കുന്നത് -സംബന്ധിച്ച്:-

സൂചന:- 1. സ.ഉ.(സാധാ)നം. 531/2018/സാ.നീ.വ., തീയതി. 11.09.2018

2. സ.ഉ.(സാധാ)നം. 406/2020/സാ.നീ.വ., തീയതി. 18.08.2020

കേരളത്തിൽ വിധവകളാകുന്ന സ്ത്രീകളുടെ എണ്ണം കൂടി വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ചെറുപ്രായത്തിൽ വിധവകളാകേണ്ടി വരുന്ന സ്ത്രീകൾക്ക് അവരുടെ കുട്ടികളുടെ സംരക്ഷണം, വിദ്യാഭ്യാസം എന്നിവയ്ക്ക് പ്രയാസം അനുഭവിക്കേണ്ടി വരുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ വിധവകളായ സ്ത്രീകൾക്ക് നിലവിൽ വിധവ പെൻഷൻ മാത്രമാണ് ലഭ്യമാകുന്നത്. ഈ സാഹചര്യത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ഒറ്റത്തവണ സഹായമായി 30,000/- രൂപ അനുവദിക്കുന്ന **'സഹായഹസ്തം'** എന്ന പദ്ധതി സൂചന പ്രകാരം 2018-19 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഒരു വർഷം ജില്ലയിൽ 10 പേർക്കാണ് സഹായം അനുവദിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 55 വയസ്സിൽ താഴെ പ്രായമുള്ള വിധവകളുടെ കുടുംബത്തിന്റെ പുനരധിവാസത്തിനുള്ള പദ്ധതിയാണ് **'സഹായഹസ്തം'**
2. ഈ പദ്ധതി കേരള സംസ്ഥാനത്തിന് മുഴുവൻ ബാധകമായിരിക്കും.
3. സംസ്ഥാന ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ച 11.09.2018 തീയതി മുതൽ ഈ പദ്ധതി നിലവിൽ വന്നിട്ടുള്ളതാണ്.
4. തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഒറ്റത്തവണ ഗ്രാന്റായി 30,000/- രൂപ അനുവദിക്കുന്നു.

**<u>ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റിയുടെ ഘടന</u>**

| | | | |
|---|---|---|---|
| 1. | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | - | ചെയർ പേഴ്സൺ |
| 2. | ജില്ലാ വനിത ശിശു വികസന ഓഫീസർ | - | കൺവീനർ |
| 3. | പ്രോഗ്രാം ഓഫീസർ | - | മെമ്പർ |
| 4. | വിമൺ പ്രൊട്ടക്ഷൻ ഓഫീസർ | - | മെമ്പർ |
| 5. | ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | - | മെമ്പർ |
| 6. | ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ | - | മെമ്പർ |
| 7. | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്ന 2 സന്നദ്ധ പ്രവർത്തകർ (ഒരാൾ വനിത) | - | മെമ്പർ |

**അർഹത മാനദണ്ഡം**

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ
2. സംരംഭം ഒറ്റയ്ക്കോ ഗ്രൂപ്പായോ (വനിതാ കൂട്ടായ്മ, കുടുംബശ്രീ, വിധവാ സംഘം etc.) നടത്താവുന്നതാണ്. ഒരു ജില്ലയിൽ നിന്നും പരമാവധി 10 പേർക്ക് ധനസഹായം നൽകുന്നു.
3. കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, വനിത കൂട്ടായ്മകൾ തുടങ്ങിയ ഗ്രൂപ്പുകളിൽ ഉൾപ്പെട്ടവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
4. ഗുണഭോക്താവിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം (BPL/മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് മുൻഗണന നൽകേണ്ടതാണ്)
5. 18 വയസ്സിൽ താഴെയുള്ള കുട്ടികൾ ഉള്ള വിധവകൾക്ക് മുൻഗണന
6. ഭിന്നശേഷിക്കാരായ മക്കളുള്ളവർ, പെൺകുട്ടികൾ മാത്രം ഉള്ളവർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.
7. ആശ്വാസകിരണം പെൻഷൻ, വിധവ പെൻഷൻ ലഭിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.
8. തദ്ദേശസ്വയംഭരണ സ്ഥാപനം വഴിയോ മറ്റ് സർക്കാർതലത്തിലോ സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിച്ചിട്ടുള്ള വിധവകൾ ഈ ആനുകൂല്യത്തിന് അർഹരല്ല.
9. 'സഹായഹസ്തം' പദ്ധതി പ്രകാരം മുൻവർഷം ധനസഹായം ലഭിച്ചവർ അപേക്ഷിക്കുവാൻ പാടുള്ളതല്ല.
10. മുൻവർഷം അപേക്ഷിച്ചിട്ട് ധനസഹായം ലഭിക്കാതിരുന്ന അർഹരായ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അവർക്ക് മുൻഗണന നൽകേണ്ടതാണ്.

**മറ്റ് നിബന്ധനകൾ**

1. ഒറ്റത്തവണ ധനസഹായം കൊണ്ട് തുടങ്ങുന്ന തൊഴിൽ സംരംഭം ചുരുങ്ങിയത് 5 വർഷമെങ്കിലും നടപ്പാക്കിയിരിക്കണം
2. ഏതെങ്കിലും കാരണവശാൽ പദ്ധതി 5 വർഷത്തിന് മുമ്പ് നിർത്തുകയാണെങ്കിലോ അപേക്ഷയിലെ വിവരങ്ങളിൽ എന്തെങ്കിലും അപാകത കണ്ടെത്തുകയാണെങ്കിലോ ധനസഹായം ഉപയോഗിച്ച് വാങ്ങിയ ആസ്തികൾ വകുപ്പ് കണ്ടുകെട്ടി തുടർ നടപടി സ്വീകരിക്കുന്നതാണ്.
3. ഓരോ 6 മാസം കൂടുമ്പോഴും പദ്ധതി സംബന്ധിച്ച റിപ്പോർട്ട് ഗുണഭോക്താവ് ശിശു വികസന പദ്ധതി ഓഫീസർ മുഖേന ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് നൽകേണ്ടതാണ്.
4. ഓരോ 6 മാസം കൂടുമ്പോഴും ജില്ലാ വനിത ശിശു വികസന ഓഫീസർ പദ്ധതി നിർവ്വഹണം വിലയിരുത്തേണ്ടതും ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കളെയും സംബന്ധിച്ച റിപ്പോർട്ട് വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.
5. ധനസഹായം അനുവദിച്ച് നൽകുന്നവരുടെ പേരും വിശദ വിവരവും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.
6. ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകളിൽ അപാകതയുള്ളവ പരിഹരിക്കുവാൻ യഥാസമയം സി.ഡി.പി.ഒ യ്ക്ക് തിരികെ നൽകേണ്ടതും, സി.ഡി.പി.ഒ സമയബന്ധിതമായി അപാകത പരിഹരിച്ച് ലഭ്യമാക്കുന്നുണ്ടോയെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഉറപ്പ് വരുത്തേണ്ടതുമാണ്. സി.ഡി.പി.ഒ മാരുടെ പ്രതിമാസ അവലോകന മീറ്റിംഗിൽ ടി വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തേണ്ടതും, പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യേണ്ടതുമാണ്.
7. അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് പത്ര ദൃശ്യ മാധ്യമങ്ങൾ മുഖേന ജില്ലാ വനിതാ ശിശു വികസന ഓഫീസർ അറിയിപ്പ് നൽകേണ്ടതാണ്.

I/105985/2023

8. അപേക്ഷകർ സ്വയം തൊഴിൽ സംരംഭത്തിന്റെ വിശദവിവരം ബഡ്ജറ്റ് സഹിതം അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്. ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുമായി ജില്ലാ വനിത ശിശു വികസന ഓഫീസർമാർ എഗ്രിമെന്റ് വച്ചതിനുശേഷം ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

**<u>അപേക്ഷിക്കേണ്ട വിധം</u>**

1. www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക
2. പൊതുജന പദ്ധതികൾ- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ ശ്രദ്ധയോടെ പാലിച്ച് അപേക്ഷിക്കാവുന്നതാണ്. യൂസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

- സഹായഹസ്തം പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ ശിശു വികസന പദ്ധതി ഓഫീസർമാർ ഓൺലൈൻ വെബ്സൈറ്റ് വഴി മാത്രം 2023 ഡിസംബർ 15 വരെ സ്വീകരിക്കേണ്ടതാണ്.
- അപേക്ഷകൾ ഓഫ്‌ലൈൻ ആയി സ്വീകരിക്കാൻ പാടുള്ളതല്ല.
- ലഭ്യമായ അപേക്ഷകളിൻമേൽ അന്വേഷണം നടത്തി ഓരോ ഐ.സി.ഡി.എസിൽ നിന്നും ഏറ്റവും അർഹമായ രണ്ട് അപേക്ഷകൾ അനുബന്ധ രേഖകൾ ഉൾപ്പെടെ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് ഓൺലൈൻ ആയി 2023 ഡിസംബർ 31നകം നൽകേണ്ടതാണ്.
- ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ 10 ഗുണഭോക്താക്കളെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ വനിത ശിശു വികസന ഓഫീസർ കൺവീനറുമായ ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റിയിൽ വച്ച് തെരഞ്ഞെടുക്കേണ്ടതാണ്.
- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ ജില്ലാ വനിത ശിശു വികസന ഓഫീസർമാർ 2024 ജനുവരി 15 മുൻപ് പൂർത്തീകരിക്കേണ്ടതാണ്.
- ഇപ്രകാരം ലഭിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഇതോടൊപ്പം ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 2024 ജനുവരി 31 ന് മുൻപ് അലോട്ട്മെന്റിനായി വനിത ശിശു വികസന ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

PRIYANKA G

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

**പകർപ്പ്:**

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ.
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

**വിധവകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം**

**സഹായഹസ്തം - അപേക്ഷാഫോറം**

| | | |
|---|---|---|
| 1 | അപേക്ഷകയുടെ പേരും മേൽവിലാസവും | പിൻ:<br>ഫോൺ നം.: |
| 2 | അപേക്ഷക ഏതെങ്കിലും വനിത കൂട്ടായ്മയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ (SHG/കുടുംബശ്രീ/ വിധവാസംഘം/ വനിതാ സംഘം etc.) വിശദവിവരം | പിൻ:<br>ഫോൺ നം.: |
| 3 | അപേക്ഷകയുടെ വാർഡ്, പഞ്ചായത്ത്/ നഗരസഭ/ താലൂക്ക്/ ജില്ല | |
| 4 | ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പേര് | |
| 5 | പദ്ധതിയുടെ ആകെ ചെലവ് | |
| 6 | സ്വയംതൊഴിൽ ചെയ്യാനായി മുമ്പ് സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ? | |
| 7 | വിദ്യാഭ്യാസ യോഗ്യത<br>(രേഖകൾ ഹാജരാക്കണം) | |
| 8 | ജനന തീയതി<br>(രേഖകൾ ഹാജരാക്കണം) | |
| 9 | അപേക്ഷകയുടെ വാർഷിക വരുമാനം | |
| 10 | കുടുംബാംഗങ്ങളുടെ വിവരം<br>1. പേര്:<br>2. പേര്: | വയസ്സ് സ്ത്രീ/ പുരുഷൻ |

സ്ഥലം:

തീയതി:

അപേക്ഷകയുടെ ഒപ്പ്:

പേര്:

I/105985/2023

**<u>ശിശുവികസന പദ്ധതി ഓഫീസറുടെ സാക്ഷ്യപത്രം</u>**

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . എന്നയാൾ വിധവയും സഹായഹസ്തം പദ്ധതി പ്രകാരം ധനസഹായത്തിന് അർഹയുമാണ്. ടിയാൾക്ക് സഹായഹസ്തം പദ്ധതിയിൽ ധനഹായം അനുവദിക്കാവുന്നതാണ്.

സ്ഥലം: **ശിശു വികസന പദ്ധതി ഓഫീസർ:**

തീയതി: **ഒപ്പ്:**

(ഓഫീസ് സീൽ)

**<u>വനിത ശിശു വികസന ഓഫീസറുടെ സാക്ഷ്യപത്രം</u>**

ശ്രീമതി . . . . . . . . . . . . . . . . . . . . . . . . . . . . . . . . എന്നയാളെ സഹായഹസ്തം പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച് നൽകുന്നതിനായി ജില്ലാതല മോണിറ്ററിംഗ് ഇവാല്യുവേഷൻ കമ്മറ്റി തെരഞ്ഞെടുത്തിട്ടുണ്ട്. ടിയാൾക്ക് ധനസഹായം അനുവദിക്കാവുന്നതാണ്.

സ്ഥലം: **ജില്ലാ വനിത ശിശു വികസന ഓഫീസർ:**

തീയതി: **ഒപ്പ്:**

(സീൽ)

I/105985/2023

**<u>അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ട രേഖകൾ</u>**

1. തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്(ആധാർ/ ഇലക്ഷൻ ID)
2. ആധാർ കാർഡിന്റെ പകർപ്പ്
3. റേഷൻ കാർഡിന്റെ പകർപ്പ്
4. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് (BPL/മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല)
5. അപേക്ഷക വിധവയാണെന്നും പുനർവിവാഹം ചെയ്തിട്ടില്ലായെന്നുമുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്
6. സ്വയം തൊഴിൽ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടില്ല എന്നുള്ള ഗ്രാമപഞ്ചായത്ത്/ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ്.
7. സ്വയം തൊഴിൽ പദ്ധതി പ്രകാരം ആരംഭിക്കുവാനുദ്ദേശിക്കുന്ന പദ്ധതിയുടെ വിശദവിവരവും എസ്റ്റിമേറ്റും.

**<u>സ്റ്റേറ്റ്മെന്റ്</u>**

ജില്ല:

| ക്രമ നം. | അപേക്ഷകയുടെ പേരും മേൽവിലാസവും | ഗ്രൂപ്പ്/ യൂണിറ്റ് മുഖേന അപേക്ഷിക്കുന്നുവെങ്കിൽ ഗ്രൂപ്പിന്റെ പേരും മേൽവിലാസവും | അനുവദിക്കേണ്ട തുക |
|---|---|---|---|
| 1 | | | 30,000/- |
| 2 | | | 30,000/- |
| 3 | | | 30,000/- |
| 4 | | | 30,000/- |
| 5 | | | 30,000/- |
| 6 | | | 30,000/- |
| 7 | | | 30,000/- |
| 8 | | | 30,000/- |
| 9 | | | 30,000/- |
| 10 | | | 30,000/- |
| **ആകെ** | | | **3,00,000/-** |

**ജില്ലാ വനിത ശിശു വികസന ഓഫീസർ**

Signed by Priyanka G
Date: 17-07-2023 11:50:31